LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ഇ. ഇസ്മയിൽ : ഈ പ്രശ്നങ്ങളിൽ ഇതരത്തിലുള്ള ചില ആശയക്കുഴപ്പങ്ങളും അവ്യക്തതകളുമുണ്ടായിട്ടുണ്ട്. ഉണ്ടാക്കാൻ ചിലർ ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ട് ജില്ലാ കളക്ടർമാരുടെയും തഹസിൽദാർമാരുടെയും യോഗം വിളിച്ചു കൂട്ടി കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഓരോ അപേക്ഷകനും അവരുടെ കുടുംബത്തെ സംബന്ധിച്ച് തരുന്ന വിവരങ്ങൾ വിശ്വാസത്തിലെടുത്ത്, ആ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ വേണം കാർഡ് തയ്യാറാക്കേണ്ടത്. അതിൽ പ്രകടമായിട്ടുള്ള എന്തെങ്കിലും സംശയം വരുന്ന ഘട്ടത്തിൽ മാത്രമേ അന്വേഷണത്തിന് വിധേയമാക്കേണ്ടതുള്ളൂ അതു സ്വീകരിക്കണമെന്ന് കർശനമായി നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതു വിശ്വാസത്തിലെടുത്തുകൊണ്ട് അവർ ഒറ്റിട്ട് എഴുതി കൊടുക്കുന്ന സ്റ്റേറ്റുമെന്റ് അവർ നൽകുന്ന പ്രമാണമെന്ന രീതിയിൽ സ്വീകരിക്കണം. അതിന്റെയടിസ്ഥാനത്തിൽ വേണം ഇതിന്റെ നടപടികളുമായി മുന്നോട്ടു പോകേണ്ടതെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അത്തരമൊരു കുഴപ്പത്തിനിടയില്ല

ശ്രീ. എൻ.ആർ. ബാലൻ : ഗ്രൂപ്പ് വില്ലേജുകൾ ഘട്ടം ഘട്ടമായി ഒറ്റ വില്ലേജുകളാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടുവരുന്നതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി ഗ്രൂപ്പ് വില്ലേജുകൾ ഒറ്റ വില്ലേജുകളാക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കേണ്ടതുണ്ട്. കുന്നംകുളം നിയോജകമണ്ഡലത്തിൽ 28 വില്ലേജുകൾ 13 ഗ്രൂപ്പ് വില്ലേജുകളായിട്ടാണ് പ്രവർത്തിക്കുന്നത്. അവിടെ ഒരു ഗ്രൂപ്പ് വില്ലേജിൽ മൂന്നു വില്ലേജുകളുണ്ട്. വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട ഇയാൽ വില്ലേജിലടക്കം ആറു കിലോമീറ്റർ ദൂരം നടന്നുവേണം അവിടെയുള്ള ആളുകൾക്ക് വരാൻ. ഗ്രൂപ്പ് വില്ലേജുകളെ ഒറ്റ വില്ലേജുകളാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമ്പോൾ പ്രയോഗിറ്റി നിശ്ചയിക്കുന്ന കാര്യത്തിൽ എന്തെങ്കിലും സമീപനമുണ്ടോ? രണ്ടു ഘട്ടങ്ങളിലായി ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യങ്ങൾ എഴുതിത്തന്നതാണ്. ഒരു ഗ്രൂപ്പ് വില്ലേജ് ഓഫീസ് പോലും ഒറ്റ വില്ലേജാക്കുന്നതിനുവേണ്ടി ഇതുവരെ കുന്നംകുളം മണ്ഡലത്തിൽ യാതൊരു നടപടിയുമുണ്ടായിട്ടില്ല. ഈ സാമ്പത്തിക വർഷമെങ്കിലും അതിനുവേണ്ടി പരിശ്രമിക്കുമോ? അതിനു പരിഗണന നൽകുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ബഹുമാനപ്പെട്ട മെമ്പർ എന്റെ ശ്രദ്ധയിൽ അതു പെടുത്തിയിട്ടുണ്ട്. ഓരോ സ്ഥലത്തും കിട്ടുന്ന ഫണ്ട് അനുസരിച്ച് കുറെ വില്ലേജുകൾ തെരഞ്ഞെടുക്കുകയായിരുന്നു. ഇതരമൊരു പ്രതിഭാസം നിലനിൽക്കുന്നുവെന്നുള്ളതു തന്നെ അടുത്ത കാലത്താണ് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടത്. മുൻഗണനാ ക്രമത്തിൽത്തന്നെ തൃശ്ശൂർ ജില്ലയിലെ ഗ്രൂപ്പ് വില്ലേജുകൾ മുഴുവൻ ഒറ്റ വില്ലേജുകളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തിരിച്ചായാലും ഫണ്ട് കിട്ടുന്നതിനനുസരിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിലെ പ്രശ്നത്തിനു പരിഹാരമുണ്ടാക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം 122.

2 (*122) വൈദ്യുതിവില വർദ്ധിപ്പിച്ചതുമൂലം അടച്ചിടേണ്ടി വന്ന വ്യവസായ സ്ഥാപനങ്ങൾ

ശ്രീ. വി. ബാലറാം :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ വില വർദ്ധിപ്പിച്ചതിന്റെ പേരിൽ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനമോ അതിന്റെ യൂണിറ്റോ അടച്ചിടേണ്ടതായി വന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) ഇതിന്റെ ഫലമായി എത്രപേർക്ക് തൊഴിലില്ലാതായി തീർന്നിട്ടുണ്ട്;

(ഡി) ഇപ്രകാരം അടച്ചിട്ട സ്ഥാപനങ്ങൾ ലോക്കൗട്ട് ചെയ്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ എന്ന് വെളിപ്പെടുത്തുമോ;

(എഫ്)ഈ സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിന്റെ ഫലമെന്ത് എന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ,

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും ഇക്കാരണത്താൽ അടച്ചു പൂട്ടിയിട്ടില്ല.

(ബി)മുതൽ(എഫ്)വരെ ചോദ്യം ഉദിക്കുന്നില്ല.

മി. സ്പീക്കർ : ചോദ്യം ഉദിക്കുന്നില്ലെങ്കിലും ഉപചോദ്യം ഉദിക്കുന്നുണ്ട്.

ശ്രീ. വി. ബാലറാം ; വൈദ്യുതിയുടെ വില വർദ്ധനവുമൂലം വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഒരു വ്യവസായ സ്ഥാപനങ്ങളും പൂട്ടിയിട്ടില്ല എന്നു മന്ത്രി പറഞ്ഞു. എല്ലാ വ്യവസായ സ്ഥാപനങ്ങളും 'ചത്തതിനൊക്കുമെ ജീവിച്ചിരിക്കിലും' എന്ന നിലയിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായങ്ങൾക്കുള്ള വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ? എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട്? എത്ര ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന് മന്ത്രിക്ക് അറിയിക്കാമോ?

ശ്രീമതി സുശീലാ ഗോപാലൻ : വർദ്ധിപ്പിച്ചിട്ടുണ്ട്. എത്ര ശതമാനമെന്നുള്ള കണക്കിന് പ്രത്യേകം ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. വി. ബാലറാം : വ്യവസായവകുപ്പിൽ ഒരു പുരോഗതിയുമുണ്ടായിട്ടില്ലെന്ന് ഈ അടുത്തകാലത്ത് മുഖ്യമന്ത്രി പ്രസ്താവിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് ആയിരക്കണക്കിനാളുകൾ വി.ആർ.എസ്. മുഖാന്തിരം പുറത്ത് പോയിക്കൊണ്ടിരിക്കുകയാണ്. ആത്മഹത്യ വരെ നടക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂട്ടിക്കിടന്ന എത്ര വ്യവസായങ്ങൾ തുറന്നു പ്രവർത്തിച്ചിട്ടുണ്ട്? ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷം എത്ര വ്യവസായങ്ങൾ പുതിയതായി പൂട്ടിയിട്ടുണ്ട്?

ശ്രീമതി സുശീലാ ഗോപാലൻ : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാലു സ്ഥാപനങ്ങൾ പുതിയതായി തുറന്നു പ്രവർത്തിച്ചിട്ടുണ്ട്. രണ്ടു പൊതുമേഖലാ സ്ഥാപനങ്ങളും രണ്ട് പ്രൈവറ്റ് സ്ഥാപനങ്ങളും തുറന്നു പ്രവർത്തിച്ചിട്ടുണ്ട്. മറ്റു ചില വ്യവസായ സ്ഥാപനങ്ങൾ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അവരുമായി ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

പൂട്ടിയ വ്യവസായ സ്ഥാപനങ്ങളുടെ വിവരങ്ങളൊന്നും ഞങ്ങളുടെ കൈയിലില്ല. രണ്ടു മൂന്നു സ്വകാര്യ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടുള്ള M/s. Sun Metals and Alloys, കോട്ടയം ജില്ലയിലെ ചിങ്ങവനത്തുള്ള Travancore Electro Chemicals അതു നേരത്തെ പൂട്ടുകയും തുറക്കുകയുമൊക്കെ ചെയ്തുകൊണ്ടിരുന്നതാണ്. മലപ്പുറം ജില്ലയിലെ എം.കെ. അവൽ മിൽ ഈ മൂന്നെണ്ണമാണ് പൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ. മറ്റു സ്ഥാപനങ്ങളൊന്നും പൂട്ടിയതായി അറിയില്ല. മുഖ്യമന്ത്രി അങ്ങനെയല്ല പറഞ്ഞത്. അദ്ദേഹം പറഞ്ഞത് പിന്നീട് തിരുത്തുകയും ചെയ്തു.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : ചോദ്യം, വൈദ്യുതിയുടെ വില വർദ്ധിപ്പിച്ചതിന്റെ പേരിൽ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനമോ അതിന്റെ യൂണിറ്റോ അടച്ചിടേണ്ടതായി വന്നിട്ടുണ്ടോ എന്നാണ്? ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെന്നാണ് പറയുന്നത്. വേറെ വകുപ്പിൽ സ്ഥാപനങ്ങളില്ലേ? വ്യവസായ വകുപ്പിന് മാത്രമല്ലല്ലോ വ്യവസായങ്ങളുള്ളത്? കൃഷി വകുപ്പിന്റെ കീഴിലും മറ്റു വകുപ്പുകളുടെ കീഴിലുമുണ്ട്. വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ എത്ര കോടി രൂപ അധികമായി കൊടുക്കേണ്ടി വരുന്നുവെന്നുള്ളതിന്റെ കണക്ക് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ കഴിയുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതുകൊണ്ട് മാത്രമല്ല കേന്ദ്രഗവണ്മെന്റിന്റെ ഇറക്കുമതി നയത്തിന്റെ ഫലമായും ചില സ്ഥാപനങ്ങൾക്ക് ഗവണ്മെന്റിൽ നിന്ന് സഹായം കൊടുക്കേണ്ടി വന്നിട്ടുണ്ട്. അതു ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണ്. ടി.സി.സി. പോലെയുള്ള സ്ഥാപനങ്ങളുടെ കാര്യങ്ങൾ. ഇറക്കുമതി നയത്തിന്റെ ഭാഗമായിട്ട് ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്ന സ്ഥാപനങ്ങളാണ്. ഇലക്ട്രിസിറ്റിയും അതിനകത്ത് കോൺട്രിബ്യൂട്ട് ചെയ്തു കാണും. പക്ഷേ ഇതാണ് ഏറ്റവും മേജറായിട്ടുള്ള പ്രശ്നം. കേന്ദ്രഗവണ്മെന്റ് അനുവർത്തിക്കുന്നത് പുത്തൻ സാമ്പത്തിക നയങ്ങളാണ്. അതു കോൺഗ്രസ്സിന്റെകാലത്ത് തുടങ്ങിവച്ചതാണ്. ഇന്നത്തെ ബി.ജെ.പി. ഗവണ്മെന്റിന്റെ കാലത്തും അത് ശക്തിയായി തുടരുകയാണ്. അതിന്റെ ഫലമായി വ്യാവസായിക മേഖലയിൽ പ്രതിസന്ധികളുണ്ട്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : കോൺഗ്രസ്സ് തുടങ്ങിവച്ചതിനു ശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയുൾപ്പെടെ പിന്താങ്ങിയ ഒരു മന്ത്രിസഭയുണ്ടായിരുന്നു. അന്നു വേണമെങ്കിൽ മാറ്റാമായിരുന്നു. ഇവിടെ സിക്കായ വ്യവസായങ്ങൾ പുനരുദ്ധരിപ്പിക്കുന്നതിനു വേണ്ടി ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കാൻ ബില്ല് പാസ്സാക്കിയതാണ്. ആ കോർപ്പസ് ഫണ്ടിൽ നിന്നും ഇങ്ങനെ സിക്കായ പീഡിത വ്യവസായങ്ങളിൽ എത്രയെണ്ണത്തിന് ഫണ്ട് കൊടുത്തുവെന്ന് അങ്ങേയ്ക്ക് വെളിപ്പെടുത്താമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : പീഡിത വ്യവസായങ്ങൾക്ക് ഫണ്ട് കൊടുക്കുന്നതിനുള്ള നടപടി, അതു സംബന്ധിച്ച റിവൈവൽ പാക്കേജ് ഓരോ വ്യവസായത്തിനും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അതിൽ ഏഴെട്ടണ്ണത്തിന് ഇപ്പോൾ പണം റിലീസ് ചെയ്തുകൊണ്ടിരിക്കുകയാണ്. 55 കോടിയോളം രൂപ ഇപ്പോൾ റിലീസ് ചെയ്തുകഴിഞ്ഞു. അത് എത്രയുണ്ടെന്ന് പറയാൻ പറ്റുകയില്ല. ചിലപ്പോൾ വീണ്ടും കുറെ റിലീസ് ചെയ്തു കാണും. റിവൈവൽ പാക്കേജുണ്ടാക്കുന്നതിനനുസരിച്ച് പത്തു മുപ്പതു സ്ഥാപനങ്ങൾക്കെങ്കിലും കൊടുക്കേണ്ടി വരും. അതിനുള്ള നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി : വൈദ്യുതി ചാർജ് വർദ്ധനവുമൂലം പൊതു മേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം നിലച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ടി.സി.സി. യുടെ കാര്യം മന്ത്രി ഇവിടെ സൂചിപ്പിച്ചു. ടി.സി.സി. പ്രതിസന്ധിയിലാകാനുള്ള പ്രധാനപ്പെട്ട കാരണം വൈദ്യുതി ചാർജ് വർദ്ധനവാണ്. ഇറക്കുമതി പ്രശ്നങ്ങളും കാര്യങ്ങളുമൊക്കെ വേറെയുണ്ടായിരുന്നുവെങ്കിലും ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വൈദ്യുതി ചാർജ്ജ് നിരക്കുമൂലമുള്ള പ്രശ്നമാണ്. ഗവണ്മെന്റ് അതു മനസ്സിലാക്കി അതിനു ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതു സ്വാഗതാർഹമാണ്. വൈദ്യുതി ചാർജ് വർദ്ധനവുമൂലം വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധിയിലായിട്ടില്ലെന്നാണ് പറഞ്ഞത്. വാസ്തവുമായി യാതൊരു ബന്ധവുമില്ലാത്തതാണ്.

ശ്രീമതി സുശീലാ ഗോപാലൻ : വൈദ്യുതി ചാർജ് വർദ്ധനവിന്റെ കാര്യം പറഞ്ഞാൽ, ഇന്ത്യാരാജ്യത്ത് ഏറ്റവും ഇലക്ട്രിസിറ്റി ചാർജ് കുറവുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. വൈദ്യുതി വർദ്ധനവിനാസ്പദമായിട്ടുള്ള സാഹചര്യങ്ങളുള്ളതുകൊണ്ടാണ്, ഉദാഹരണത്തിന് കായംകുളം താപവൈദ്യുത നിലയം വന്നു കഴിഞ്ഞപ്പോൾ അവിടെനിന്നുള്ള വൈദ്യുതിക്ക് വില കൂടുതലായതുകൊണ്ട് സ്വാഭാവികമായും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കേണ്ടിവന്നു. അതിന് തത്തുല്യമായ നടപടികളെടുത്തുകൊണ്ട് വ്യവസായത്തെ രക്ഷിക്കുന്നതിനാവശ്യമായ നടപടികൾ ഞങ്ങളെടുക്കുന്നുണ്ട്.

ശ്രീ. കെ. മുഹമ്മദാലി : ഇന്നത്തെ നിരക്കനുസരിച്ച് വൈദ്യുതി ചാർജ്ജ് നൽകുകയാണെങ്കിൽ വയബിളായ യൂണിറ്റുകൾക്ക് വ്യവസായങ്ങൾ നടത്തിക്കൊണ്ടു പോകാൻ കഴിയില്ലെന്നുള്ള പ്രശ്നം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വളരെ നന്നായി പ്രവർത്തിച്ചുവന്നിരുന്ന ഇന്ത്യൻ അലുമിനിയം കമ്പനി പൂർണ്ണമായും അടഞ്ഞു കിടക്കാൻ പോകുകയാണ്. കാർബറാണ്ടം യൂണിവേഴ്സൽ വ്യവസായ വകുപ്പിന്റെ കീഴിലല്ലെങ്കിൽപ്പോലും വ്യവസായ വകുപ്പിന് ഒരു ഉത്തരവാദിത്വമുണ്ട്. കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾക്ക് ഇവിടെ ആകെയുണ്ടായിരുന്ന അട്രാക്ഷൻ എന്നു പറയുന്നത് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കുമെന്നുള്ളതാണ്. അതു തന്നെയാണ് വ്യവസായങ്ങൾ തുടങ്ങുവാൻ കേരളത്തിനുണ്ടായിരുന്ന അനുകൂലമായ സാഹചര്യവും. ആ സാഹചര്യം ഇല്ലാതായിരിക്കുന്നു. വയബിളല്ലാതായിക്കൊണ്ടിരിക്കുന്നു. ഇന്ത്യൻ അലുമിനിയം കമ്പനി പൂർണ്ണമായും പൂട്ടാൻ പോകുകയാണ്. അതുപോലെ തന്നെ കാർബറാണ്ടം യൂണിവേഴ്സൽ ചിങ്ങവനത്തെ ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് പൂട്ടിക്കഴിഞ്ഞു. കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾ അധിക വൈദ്യുതി ചാർജ്മൂലം ഇന്ന് പ്രതിസന്ധിയിലായിരിക്കുകയാണ്. അതിനെ ഗൗരവമായി സമീപിക്കാൻ വ്യവസായ മന്ത്രി തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഞാൻ നേരത്തെ പറഞ്ഞു. വൈദ്യുതി വില കുറച്ചു കൊടുക്കാനുള്ള സാഹചര്യങ്ങൾ കുറവാണെന്ന്. അതുകൊണ്ടു തന്നെ മറ്റു നടപടികളെടുത്ത് ഈ വ്യവസായങ്ങളെ പുനരുദ്ധരിപ്പിക്കാനാവശ്യമായിട്ടുള്ള സഹായം ചെയ്യാൻ മാത്രമേ കഴിയൂ. അതിന് എന്തു ചെയ്യാമെന്നുള്ള കാര്യങ്ങൾ ആലോചിച്ചു ചെയ്യുന്നതാണ്.

ശ്രീ. കെ. ബാബു : സർ, വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചതിനെത്തുടർന്ന് ഇവിടെ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഒരു അടിയന്തിരപ്രമേയം അവതരിപ്പിച്ചതിന് ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രി ഈ സഭയ്ക്ക് ഒരു

ഉറപ്പ് നൽകുകയുണ്ടായി. വൈദ്യുതി ചാർജ് വർദ്ധനവുമൂലം ഏതെങ്കിലും സ്ഥാപനങ്ങൾക്ക് പ്രതിസന്ധി നേരിട്ടാൽ ഗവൺമെന്റ് ആ കാര്യം പ്രത്യേകമായി പരിശോധിച്ച് അവരെ സഹായിക്കുമെന്നാണ് പറഞ്ഞിരുന്നത്. ബഹുമാനപ്പെട്ട മന്ത്രി തന്നെ മൂന്ന് സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. കുണ്ടറ ടി.സി.എം. കമ്പനി സ്വകാര്യ മേഖലയാണെങ്കിലും കുണ്ടറയൂണിറ്റ് അടച്ചുപൂട്ടിക്കഴിഞ്ഞു. ടി.സി.എം.-ന്റെ തന്നെ കളമശ്ശരി യൂണിറ്റിലെ കുറെ തൊഴിലാളികളെ പിരിച്ചുവിടാൻ നോട്ടീസ് കൊടുത്തിരിക്കുകയാണ്. വൈദ്യുതിയുടെ ചാർജ് വർദ്ധനവുതന്നെയാണ് പ്രശ്നം. അതുപോലെ ടി.സി.സി. യുടെ കാര്യം ഗവൺമെന്റിന് അറിയാവുന്നതുകൊണ്ട് ചില ഇളവുകൾ ചെയ്തിട്ടുണ്ട്. കേരളത്തിൽ ഹൈടെൻഷൻ വൈദ്യുതിയുപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങളെല്ലാം വൈദ്യുതിയുടെ ചാർജ് വർദ്ധനവിനെത്തുടർന്ന് അടച്ചുപൂട്ടലിന്റെ വക്കിലാണ്. ഗവൺമെന്റ് ഉറപ്പ് നൽകിയതനുസരിച്ച് ഈ കാര്യം പരിശോധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, അത് ഓരോന്നും പരിശോധിച്ച് അതിന് എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ പരമാവധി ചെയ്യുന്നതാണ്. പല സ്ഥാപനങ്ങളും അടച്ചുപൂട്ടുന്നത് വൈദ്യുതി ചാർജ്മൂലം മാത്രമല്ല. നമ്മുടെ ഇൻഡ്യാ രാജ്യത്ത് 450-ഓളം ടെക്സ്റ്റയിൽ മില്ലുകൾ പൂട്ടിയിട്ടുണ്ട്. വൈദ്യുതി ചാർജ് മാത്രമാണോ കാര്യം? ആ രംഗത്ത് W.T.O-യുടെ എഗ്രിമെന്റും അതിനെത്തുടർന്നുള്ള ഫൈബർ എഗ്രിമെന്റും കാട്ടാസിസ്റ്റവുമൊക്കെ അതിന് സഹായിച്ചിട്ടുണ്ട്. അങ്ങനെ നമ്മുടെ സംസ്ഥാനത്തും ചിലത് പൂട്ടിയിട്ടുണ്ടാകും. ഓരോന്നും പ്രത്യേകമായി പരിശോധിച്ച് എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ പരമാവധി ചെയ്യുന്നതാണ്.

<u>ശ്രീ. കെ. ബാബു</u> : സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ വ്യവസായ നയംമൂലം വ്യവസായങ്ങളെയാകെ പീഡിപ്പിക്കുകയാണ്. ആ സാഹചര്യത്തിൽ കേരളാ ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാൻ ബാദ്ധ്യതയുമുണ്ട്. ഈ ഗവൺമെന്റ് തീരുമാനിച്ച വൈദ്യുതി ചാർജ് വർദ്ധനമൂലം പ്രതിസന്ധിയിലായ വ്യവസായങ്ങളെ സഹായിക്കുന്നതിനുവേണ്ടി ഒന്നും ചെയ്തില്ല എന്നാണ് ഞാൻ സൂചിപ്പിച്ചത്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചതുമൂലം പ്രയാസപ്പെടുന്ന കമ്പനികളുടെ കാര്യം പരിശോധിക്കാൻ വേണ്ടി ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചുവെന്ന് ഒരു പ്രഖ്യാപനം നടത്തി. ആ ഉപസമിതി കൂടിയിട്ടുണ്ടോ? അതിൽ എന്താണ് തീരുമാനിച്ചത്?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ആ ഉപസമിതിയുടെ റിപ്പോർട്ട് കിട്ടിയിട്ടില്ല.

<u>ശ്രീ. പി. രാഘവൻ</u> : സർ, കഴിഞ്ഞ ഗവൺമെന്റിന്റെകാലത്ത് വ്യവസായങ്ങൾക്ക് നൂറുശതമാനം പവർകട്ടുണ്ടായിരുന്നു. അതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്ത് എത്രകോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ? ഇപ്പോൾ വൈദ്യുതിയുടെ ചാർജ് വർദ്ധനമൂലമുണ്ടായ നഷ്ടവും വൈദ്യുതി കട്ടുമൂലമുണ്ടായിരുന്ന നഷ്ടവും തമ്മിലുള്ള താരതമ്യം എന്താണ്? ഇപ്പോൾ വൈദ്യുതിക്ഷാമം ഏതെങ്കിലും വ്യവസായങ്ങൾക്കുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇലക്ട്രിസിറ്റിയുടെ ഉൽപ്പാദനത്തിൽ കാണിച്ചിട്ടുള്ള അവഗണനമൂലം ഏതാണ്ട് 17 മെഗാവാട്ട് മാത്രമാണ് ഉൽപ്പാദിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് അവരുടെ കാലഘട്ടത്തിലും അതുപോലെതന്നെ ഈ ഗവൺമെന്റ് അധികാര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ വന്ന ആദ്യകാലഘട്ടത്തിലും നൂറ് ശതമാനം വരെ കറണ്ട്കട്ട് ഉണ്ടായിട്ടുണ്ട്. ഈ രംഗത്തെടുത്ത നയത്തിന്റെ ഫലമായിട്ടാണ് ഇപ്പോൾ മാറിയത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വൻതോതിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞുയെന്നുള്ളതുകൊണ്ടാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ മറുപടിയിൽ കേരളത്തിൽ വൈദ്യുതി വളരെ സുലഭമാണെന്നാണ് പറഞ്ഞത്. അങ്ങനെ സുലഭമായി വൈദ്യുതി കിട്ടുന്നതുകൊണ്ട് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള എത്ര വ്യവസായികൾ കേരളത്തിൽ വ്യവസായമാരംഭിക്കാൻ വേണ്ടി വന്നിട്ടുണ്ട്? മന്ത്രിയുടെ വിദേശയാത്രയുടെ ഫലമായി എത്ര വ്യവസായം നമുക്ക് കിട്ടി?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി സുലഭമാണെന്നല്ല, താരതമ്യേന മെച്ചപ്പെട്ട നിലയിൽവൈദ്യുതിയുടെ ഉൽപ്പാദനം നടത്താനും കൊടുക്കാനും സാധിക്കുന്നുവെന്നുള്ളതാണ് പ്രത്യേകത. നിരവധി വൻകിട, ഇടത്തര വ്യവസായികൾ വരുകയും എം.ഒ.യു. ഒപ്പുവയ്ക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. വിശദവിവരം വേണമെങ്കിൽ പ്രത്യേക ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

<u>ശ്രീ. പി. രാജു</u> : സർ, നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ലഭ്യമായാൽ വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയുമെന്നായിരുന്നു. 1996-97-ൽ അന്ന് വൈദ്യുതി വ്യവസായ സ്ഥാപനങ്ങൾക്ക് ലഭ്യമായിരുന്നില്ല. അതിന്റെ ഫലമായി ഇരുന്നൂറ് ദിവസക്കാലം വരെ പൊതുമേഖലാ വ്യവസായ സ്ഥാപനമടക്കം നിർത്തിവച്ചിട്ടുണ്ട്. ഇന്ന് ആ സ്ഥിതിക്ക് മാറ്റം വന്നിട്ടുണ്ട്. ഇന്ന് വ്യവസായ സ്ഥാപനങ്ങൾ പൂട്ടുന്നത് വൈദ്യുതിയുടെ തകരാറുകൊണ്ട് മാത്രമല്ല ഇൻഡ്യാ ഗവൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെ ഫലമായി നിരവധി വ്യവസായസ്ഥാപനങ്ങൾ കേരളത്തിൽ അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയാണ്. വ്യവസായങ്ങൾ സംരക്ഷിക്കാനുള്ള റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതുപോലെ അടച്ചുപൂട്ടുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളെ സംരക്ഷിക്കാൻ തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും ചെയ്യുന്നതുപോലെ ഒരു ആശ്വാസമുണ്ടാക്കാനുള്ള നടപടി വ്യവസായവകുപ്പ് മുൻകൈ എടുത്ത് പ്രത്യേക ഫണ്ട് രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, പുതുതായി അടച്ചുപൂട്ടുന്ന വ്യവസായങ്ങളെ സംബന്ധിച്ച് സർക്കാരിന് വലിയ വിവരമൊന്നും ഇല്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ മൂന്ന് പ്രൈവറ്റ് സ്ഥാപനങ്ങൾ ഇവിടെ പൂട്ടിയിട്ടുണ്ട്. ബാക്കിയുള്ളത് പൂട്ടിയതായി വിവരമില്ല. വിവരം കിട്ടിയാലേ അക്കാര്യം ചെയ്യാൻ പറ്റൂ. പഴയകാലത്ത് പൂട്ടിക്കിടന്ന വ്യവസായങ്ങളുണ്ട്. അതെല്ലാം തുറക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ പുനരുദ്ധാരണത്തിനുവേണ്ടി 1996-97-ൽ തന്നെ എഞ്ചിനീയറേയും ഒരു എം.ബി.എ.കാരനേയും വച്ച് മൂന്ന് ജില്ലകളിൽ പുന:രുദ്ധാരണത്തിന് സിക്ക് സ്ഥാപനങ്ങൾ കണ്ടെത്തുകയും അത് പുനരുദ്ധരിപ്പിക്കുന്നതിനുള്ള നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം ഇപ്പോൾ എല്ലാ ജില്ലകളിലേയ്ക്കും ഈ സ്ഥിതി വ്യാപിപ്പിച്ചിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ പഴയ കാലത്തുണ്ടായിരുന്ന 1448 പൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അത് തുറക്കുന്നതിനുള്ള നടപടികൾ ബാങ്കുകളുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ അടുത്തകാലത്ത് ചെറുകിട വ്യവസായികളുടെ അസോസിയേഷനുകളുമായി ബന്ധപ്പെട്ടപ്പോഴും ഈ അടുത്തകാലത്ത് ചെറുകിട വ്യവസായങ്ങളൊന്നും പൂട്ടുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly

യെന്നുള്ള വിവരമാണ് അറിഞ്ഞത്. ഈ അടുത്ത ദിവസവും അവരുമായി ചർച്ച നടത്തിയിട്ടുണ്ട്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, നമ്മുടെ രാജ്യത്തെ ഐ.എൻ.റ്റി.യു.സി., സി.ഐ.റ്റി.യു., എ.ഐ.റ്റി.യു.സി., യു.റ്റി.യു.സി. അടക്കമുള്ള തൊഴിലാളി സംഘടനകൾ പതിനായിരകണക്കിന് തൊഴിലാളികളെ ഒരുമിച്ച് നിർത്തി എറണാകുളത്ത് നടത്തിയ മഹാ സമ്മേളനവും ജാഥയും ഈ സമീപ കാലത്ത് *[1]ഈ സംഘടനകൾ ഉയർത്തിയ പ്രശ്നം വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചതുമൂലം കേരളത്തിൽ അടച്ചുപൂട്ടേണ്ടി വന്ന ധാരാളം വ്യവസായ സ്ഥാപനങ്ങൾ ഉണ്ട്. അതുവഴി കേരളത്തിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ തൊഴിലവസരങ്ങൾ വീണ്ടെടുക്കുന്നതിനും അവർക്ക് തൊഴിലവസരം ലഭിക്കുന്നതിനും വേണ്ടി അടിയന്തിരമായി ഗവൺമെന്റ് നടപടിയെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സി.ഐ.റ്റി.യു. സംയുക്തമായി നടത്തിയ സമരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിൻമേൽ നടപടിയെടുത്തോ?

<u>മി. സ്പീക്കർ</u> : അദ്ദേഹത്തിന്റെ ചോദ്യത്തിൽ ഒരു രക്തസാക്ഷിയുടെ കാര്യം പറഞ്ഞല്ലോ, അത് രേഖയിൽ ഉണ്ടായിരിക്കുകയില്ല.

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഈ സമ്മേളനത്തിന്റെ വിവരങ്ങളും കാര്യങ്ങളും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. എന്ന് മാത്രമല്ല, ഈ അടുത്ത ദിവസവും സെൻട്രൽ ട്രേഡ് യൂണിയൻസിനെയെല്ലാം വിളിച്ച് ഒരു ദിവസം പൂർണ്ണമായി ചർച്ച നടത്തി ഈ പ്രശ്നങ്ങളെക്കുറിച്ച് അവർക്ക് പറയാനുള്ളതെല്ലാം കേട്ടു, പക്ഷേ ഈ പ്രശ്നങ്ങൾ ഒന്നും അന്ന് ഉന്നയിക്കുകയുണ്ടായില്ല. വീണ്ടും ചർച്ച ചെയ്യാൻ വിളിച്ചത് പൊതുവായ വ്യാവസായിക പ്രശ്നങ്ങളെ സംബന്ധിച്ചാണ്. ഞാൻ ഈ അടുത്ത ദിവസം വിളിച്ചു കൂട്ടിയ യോഗത്തിൽ അവർ ആരും ഈ പ്രശ്നം ഉന്നയിച്ചിട്ടില്ല. അങ്ങനെ വ്യവസായം പൂട്ടിയിട്ടില്ല. ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചുപോലും ഞാൻ അസ്സസ് ചെയ്തിട്ടുണ്ട്. വളരെ വിശദമായ ചർച്ചയ്ക്ക് തയ്യാറാണെങ്കിൽ മുഴുവനും പറയാൻ ഞാൻ തയ്യാറാണ്. പഴയ സ്ഥാപനങ്ങൽ പലതും അടച്ചു പൂട്ടിയിട്ട് 10 കൊല്ലമായി. ഈയിടെയും അതുമായി ബന്ധപ്പെടുത്തി മൂന്നു ചർച്ചകൾ നടത്തി.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, വ്യവസായ വകുപ്പ് നടത്തിയ പ്രവർത്തനങ്ങളെ വിലയിരുത്താൻ ഈ നിയമസഭയിൽ അവസരം ഉണ്ടായിരുന്നിട്ടും ആ അവസരം നഷ്ടപ്പെടുത്തുകയും ഇന്ന് വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങളെ തെറ്റായി ചിത്രീകരിക്കാനുമുള്ള പരിശ്രമമാണ് നടത്തിയിരിക്കുന്നത്. കഴിഞ്ഞ നാലു വർഷക്കാലത്തിനിടയിൽ അടച്ചുപൂട്ടിക്കിടന്ന എത്ര വ്യവസായങ്ങൾ തുറക്കാൻ സാധിച്ചു? നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന എത്ര വ്യവസായങ്ങൾ ലാഭമാക്കാൻ സാധിച്ചുവെന്ന് വ്യവസായമന്ത്രി അറിയിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : പൊതുമേഖലയിലുള്ള കേരള സോപ്സ് ആന്റ് ഓയിൽസ് തുറന്നു പ്രവർത്തിച്ചു. അതുപോലെ തന്നെ ആലപ്പുഴയിലുള്ള വിറ്റമിൻ 'എ' പ്ലാന്റ് തുറന്ന് പ്രവർത്തിച്ചു. ഏതാണ്ട് പ്രവർത്തനരഹിതമായ പ്ലൈവുഡും മറ്റു സ്ഥാപനങ്ങളും തുറന്ന് പ്രവർത്തിച്ചിട്ടുണ്ട്. സൗത്ത് ഇൻഡ്യ വയർ റോപ്സ് തുറന്നു പ്രവർത്തിച്ചു. മദുര കോട്സ് തുറന്നു പ്രവർത്തിച്ചു. ഇനിയും പലതും തുറക്കുന്നതിനുള്ള നടപടി എടുത്തു

---

[1] സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുകയാണ്. ഇതെല്ലാം പഴയകാലത്ത് പൂട്ടിയതാണ്. ഞങ്ങൾ വന്നതിനുശേഷം പൂട്ടിയതല്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : ബോണക്കാട് എസ്റ്റേറ്റിൽ അടുത്ത ദിവസങ്ങളിലുണ്ടായ ദുരന്തങ്ങളുടെ സാഹചര്യത്തിൽ ദീർഘകാലമായി കേരളത്തിൽ പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികളുടേയും പണിയില്ലാത്തതുമൂലം റേഷൻ വാങ്ങാൻ നിവൃത്തിയില്ലാത്ത ഗ്രാമീണ തൊഴിലാളികളുടേയും കഷ്ടപ്പാട് മനസ്സിലാക്കി അവരെ പട്ടിണി മരണത്തിലേയ്ക്കും സ്ഥിരമായ പട്ടിണിയിലേക്കും തള്ളി നീക്കാതിരിക്കാൻ ഇങ്ങനെ സ്ഥിരമായി പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ പാവപ്പെട്ട തൊഴിലാളികൾക്കും തൊഴിൽ ഇല്ലാതെ കഷ്ടപ്പെടുന്നഗ്രാമീണ മേഖലയിലെ പാവപ്പെട്ട തൊഴിലാളികൾക്കും ആശ്വാസം എത്തിക്കുന്നതിന് പ്രത്യേകമായ എന്തെങ്കിലും സഹായ പദ്ധതി, സൗജന്യറേഷൻ ഉൾപ്പെടെ...തമിഴ്നാട് ഗവൺമെന്റ് ആയിരം രൂപവച്ച് കൊടുക്കുന്ന ഒരു പദ്ധതി കൊണ്ടുവന്നിട്ടുണ്ട്. ഇൻഡ്യയിലെ മറ്റെല്ലാ സ്റ്റേറ്റുകൾക്കും പാവപ്പെട്ട ആളുകളെ സഹായിക്കുന്ന കാര്യത്തിൽ മാതൃക കാണിക്കുന്ന സംസ്ഥാനം കേരളമാണല്ലോ. കേരളത്തിൽ ഈ അടുത്ത കാലത്തുണ്ടായ, വയനാട് ജില്ലയിലും ബോണക്കാടുമെല്ലാം ഉണ്ടായിട്ടുള്ള ദുരന്തങ്ങളുടെ സാഹചര്യത്തിൽ ഇത്തരം ദുരന്തങ്ങൾ ഇനി കേരളത്തിൽ ആവർത്തിക്കാതിരിക്കുന്നതിനുവേണ്ടിയാണ് ചോദിക്കുന്നത്, സ്ഥിരമായി പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലേയും അതുപോലെ ഗ്രാമീണ മേഖലയിലും പണിയില്ലാതെ വിഷമിക്കുന്ന തൊഴിലാളികളുടേയും രക്ഷയ്ക്കുവേണ്ടി എന്തെങ്കിലും ആശ്വാസ പദ്ധതി, അവരെ സഹായിക്കാൻ വേണ്ടി ഗവൺമെന്റ് അടിയന്തിരമായി ആരംഭിക്കാൻ തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. പക്ഷേ ഓരോ പ്രദേശത്തും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഗവൺമെന്റ് ഇടപെടുകയും സൗജന്യ റേഷൻ കൊടുക്കുകയും ചെയ്യും. ഇപ്പോൾ തീരദേശങ്ങളിൽ പലപ്രദേശങ്ങളിലും കടലേറ്റം ഉണ്ടായി. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായപ്പോൾ അവിടെ സൗജന്യ റേഷൻ കൊടുത്തു. ഇപ്പോൾ ബോണക്കാട് സൗജന്യ റേഷൻ കൊടുക്കാൻ നടപടി എടുത്തിട്ടുണ്ട്. എവിടെയാണോ പ്രശ്നങ്ങൾ വരുന്നത് അവിടെയൊക്കെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പോയി അതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ മറ്റു സ്ഥലങ്ങളിലും പ്രത്യേകമായി പരിശോധിച്ച് വേണ്ട കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇനിയും ഇങ്ങനെ പൊതുവായ ഒരു നിർദ്ദേശം പരിശോധിച്ച് എന്ത് ചെയ്യാൻ കഴിയുമെന്ന് തീരുമാനിക്കുന്നതാണ്.

3 (*123) ചെറുകിട വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സർക്കാർ സഹായം

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട-വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ ചെയ്തുകൊടുക്കുന്നത്;

(ബി) ഗ്രീൻ ചാനൽ സമിതിക്ക് സ്റ്റാറ്റ്യൂട്ടറി അധികാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly